(ബി) നാളികേര കൃഷിയെക്കാൾ എണ്ണപ്പന കൃഷിയാണ് ലാഭമെന്നും നാളികേരത്തിന് നൽകുന്ന താങ്ങുവില നിർത്തലാക്കണമെന്നും കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവ്വേയിൽ പറഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പാമോയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ എണ്ണ പ്രത്യേകിച്ചും പാമോയിൽ പോലുള്ള വില കുറഞ്ഞ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി ഡബ്ല്യു. റ്റി. ഒ. നിബന്ധിത പരമാവധി നിരക്കായ 300 ശതമാനമാക്കണമെന്നും ഇവയുടെ ഗുണമേന്മയുടെ കാര്യത്തിൽ സ്വീകരിക്കേണ്ട വ്യവസ്ഥകൾ കൃത്യമായി പാലിച്ച് ഇറക്കുമതി നിരുൽസാഹപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭക്ഷ്യ എണ്ണ ഇറക്കുമതി നിയന്ത്രിക്കുന്നതിന് നിലവിലുള്ള ഏറ്റവും ഫലപ്രദമായ നടപടി വിലകുറഞ്ഞ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക എന്നതാണ്. അതിനാൽ ഭക്ഷ്യഎണ്ണയുടെ ഇറക്കുമതി തീരുവ ഡബ്ല്യു. റ്റി. ഒ. നിബന്ധിത പരമാവധിയായ 300 ശതമാനമായി ഉയർത്തണമെന്നും ഇറക്കുമതി പരമാവധി നിയന്ത്രിക്കണമെന്നും സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഭക്ഷ്യഎണ്ണ ഇറക്കുമതിക്കുള്ള കേന്ദ്ര തീരുമാനം

67 (1862) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഡ്യയിലെ വൻതോതിലുള്ള ഭക്ഷ്യഎണ്ണ ഇറക്കുമതി സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ ഏതുവിധത്തിൽ ബാധിക്കുമെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഗുണനിലവാരമില്ലാത്ത ഭക്ഷ്യഎണ്ണയുടെ വൻതോതിലുള്ള ഇറക്കുമതിമൂലം കേരളത്തിന്റെ സമ്പദ് ഘടനയേയും കാർഷികമേഖലയേയും പിടിച്ചു നിർത്തുന്ന നാളികേരത്തിന്റെയും അതിന്റെ ഉല്പന്നങ്ങളുടേയും ആഭ്യന്തരവിപണിയിലെ ഡിമാന്റ് താരതമ്യേന കുറയുമെന്നതിനാൽ അവയുടെ നിലവാരം ഇടിഞ്ഞാൽ കർഷകർക്ക് വളരെ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുവാൻ ഇടയാകും.

കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

68 (1863) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ലക്ഷ്യ പ്രാപ്തിയിലെത്തുവാൻ കഴിഞ്ഞിട്ടില്ലെന്ന സംസ്ഥാനത്തെ ആസൂത്രണ കമ്മിഷന്റെ വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പല കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഈയിനത്തിൽ ചെലവാക്കിയ തുകയും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനകൃഷി വകുപ്പിന്റെ മൊത്തം പ്രവർത്തനങ്ങൾക്കായി 2002-2003 വർഷത്തിൽ മൊത്തം എത്ര തുക ചെലവു വന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആസൂത്രണ ബോർഡ് പുറത്തിറക്കിയ ഇക്കണോമിക് റിവ്യൂ 2002 പ്രകാരം സംസ്ഥാനത്തെ ചില വിളകളുടെ ഉൽപ്പാദന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു:

നെല്ല്: 9-ാം പഞ്ചവൽസര പദ്ധതിയിൽ അരിയുൽപ്പാദനം 12.5 ലക്ഷം ടൺ ആയി ഉയർത്തുകയായിരുന്നു ലക്ഷ്യം. എന്നാൽ പഞ്ചവൽസരപദ്ധതിയുടെ അവസാനത്തിൽ 7.04 ലക്ഷം ടൺ മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്.

നാളികേരം: 9000 മില്യൻ തേങ്ങയായിരുന്നു ഉൽപ്പാദന ലക്ഷ്യം. എന്നാൽ 2001-2002 അവസാനം 5479 മില്യൻ നാളികേരം മാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞുള്ളു.

LIBRARY ARCHIVES Kerala Legislative Assembly